## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ മരണപ്പെട്ട രവിയുടെ കുടുംബത്തിന് സഹായം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3714 — 15/12/2014-ൽ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ.എ.എം. ആരിഫ് — ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 8-ാം വാർഡിൽ പോലീസുകാർ ഓടിച്ചതിനെ തുടർന്ന് കായലിൽ വീണ് മരണപ്പെട്ട രവി എന്ന ചെറുപ്പക്കാരന്റെ മരണത്തിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് ശിക്ഷണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് സബ്-ഇൻസ്പെക്ടർ ശ്രീ. സാബുകമാർ, ഗ്രേഡ് എ.എസ്.ഐ ശ്രീ. സൈമൺ എന്നിവരെ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥലത്ത് നിന്നും സ്ഥലംമാറ്റിയിട്ടുണ്ട്. |
| (ബി) | മരണമടഞ്ഞ ടിയാന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി ധനസഹായം ലഭ്യമാക്കുമോ ; | (ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | മരണപ്പെട്ട ടിയാന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകി കുടുംബത്തിനെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ